8/4/22 DESPATCHED On 12/4/22

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 35(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.605/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഏപ്രിൽ 8**

ശ്രീ. ഇ.വി. ആസാദ്,
കെ.ആർ.എ-17എ),
ജി.എച്ച്.എസ് പേട്ടയ്ക്ക് എതിർവശം,
പേട്ട പി.ഒ.,
തിരുവനന്തപുരം - 695 024. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   മാനേജർ (പെർമിറ്റ്),
   കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്,
   വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-695 033.
2. അപ്പീൽ അധികാരി &
   ഫിനാൻസ് മാനേജർ (ഇൻചാർജ്ജ്),
   കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്,
   വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-695 033.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 22.10.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.11.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 25.11.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 18.12.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 10.1.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 11.1.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20.1.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 27.1.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 7.4.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ | ഹാജരായി |

## ഉത്തരവ്

ശ്രീ. ഇ.വി. ആസാദ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷികൾ മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും പൂർണ്ണവും വ്യക്തവുമായ മറുപടി

നൽകിയിട്ടില്ലാത്തതിനാൽ ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും പൂർണ്ണവും വ്യക്തവുമായ മറുപടി ലഭിക്കുവാൻ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് മദ്യത്തിന്റെ വിൽപ്പന വിലയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങളാണ് :

i. Landed Cost-ൽ എന്തൊക്കെ ഏതനുപാതത്തിലാണ് അടങ്ങിയിട്ടുള്ളതെന്നും

ii. Tax ആയി കാണിച്ചിരിക്കുന്നതിൽ എന്തൊക്കെ ഏതനുപാതത്തിലാണ് അടങ്ങിയിട്ടുള്ളതെന്നും

iii. GST പ്രകാരമോ, മറ്റേതെങ്കിലും നിയമ പ്രകാരമോ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ഒരു വസ്തുവിന് പരമാവധി എത്ര ശതമാനംവരെ ഈടാക്കാൻ നിയമം അനുവദിക്കുന്നുണ്ടെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 16.11.2021-ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയ്ക്കെതിരെ 25.11.2021-ന് നൽകിയ അപ്പീൽ ഹർജിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് 22.10.2021-ലെ അപേക്ഷയിൽ ചോദിച്ച ചോദ്യങ്ങൾക്കും അപ്പീൽ അപേക്ഷയിൽ ഉന്നയിച്ച ചോദ്യങ്ങൾക്കും കൃത്യവും വ്യക്തവും വിശദവുമായ മറുപടി ലഭ്യമാക്കണമെന്നാണ്. ടി അപ്പീൽ തീർപ്പാക്കി രണ്ടാം എതിർകക്ഷി 18.12.2021 തീയതി മറുപടി നൽകിയതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ഇ.വി. ആസാദ് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ കെ.എസ്.ബി.സി-യിൽ വിൽപ്പനയ്ക്കുള്ള മദ്യവുമായി ബന്ധപ്പെട്ട 6 ചോദ്യങ്ങളാണ് ചോദിച്ചിട്ടുള്ളതെന്നും ആയതിന് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 16.11.2021-ന് മറുപടി നൽകിയിട്ടുള്ളതാണെന്നും എന്നാൽ ടി മറുപടിയിലെ 1, 3, 4, 5 എന്നീ വിവരങ്ങൾ തൃപ്തികരമല്ലെന്ന് രേഖപ്പെടുത്തിയ അപ്പീൽ ലഭിച്ചതിനെ തുടർന്ന് ആയതിന് 18.12.2021 തീയതി മറുപടി നൽകിയിരുന്നു എന്നും പ്രസ്തുത അപ്പീൽ അപേക്ഷയിൽ ചോദ്യം നമ്പർ 1-ൽ ലാന്റെഡ് കോസ്റ്റിൽ ഏതെല്ലാം ഘടകങ്ങൾ ഏത് അനുപാതത്തിലാണുള്ളത് എന്ന വിവരമാണ് ടിയാൻ ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ഏതൊക്കെ ഘടകങ്ങളാണ് ലാന്റെഡ് കോസ്റ്റിൽ അടങ്ങിയിരിക്കുന്നത് എന്ന് വ്യക്തമാക്കിയിരുന്നുവെങ്കിലും അപ്പീൽ അപേക്ഷ ലഭിച്ച സാഹചര്യത്തിൽ കൂടുതൽ വ്യക്തമായി അപേക്ഷന് മനസ്സിലാകുന്ന തരത്തിൽ വിശദീകരിച്ച് നൽകുകയും ലാന്റെഡ് കോസ്റ്റ് കണക്കാക്കി നൽകുന്നതിന് കമ്പനികൾക്ക് നൽകുന്ന പെർഫോമയുടെ മാതൃക ഫീടയ്ക്കാതെ തന്നെ അപേക്ഷകന് നൽകുകയും ചെയ്തിട്ടുള്ളതാണെന്നും ടിയാന്റെ അപേക്ഷയിലെ 3, 4, 5 ചോദ്യങ്ങളിൽ അപേക്ഷകൻ ആവശ്യപ്പെട്ടിരുന്നത് മദ്യത്തിന്റെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു എന്നും കേരളത്തിൽ മദ്യത്തിന്റെ മൊത്തത്തിലുള്ള സംഭരണവും വിതരണവും നിർവ്വഹിക്കുന്ന ഒരു കേരള സർക്കാർ കമ്പനി മാത്രമാണ് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനെന്നും നികുതി നിർണ്ണയവുമായോ നികുതി

നിർണ്ണയിക്കുന്ന പ്രക്രിയയിലോ കോർപ്പറേഷന് യാതൊരു പങ്കുമില്ലെന്നും കാലാകാലങ്ങളിൽ സർക്കാർ തീരുമാനിക്കുന്ന നികുതി ഉൾപ്പെടുത്തി മദ്യത്തിന്റെ വില നിർണ്ണയിച്ച് വിൽപ്പന നടത്തുന്നതുകൊണ്ട് തന്നെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട നിയമ വശങ്ങൾ സംബന്ധിച്ച് യാതൊരു വിവരങ്ങളും രേഖകളും കോർപ്പറേഷനിൽ ലഭ്യമല്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, വിവരാവകാശ അപേക്ഷയിലെ 3, 4, 5 എന്നീ ഇനങ്ങൾക്ക് നൽകിയ മറുപടിയിലാണ് ഹർജിക്കാരന് ആക്ഷേപം നിലനിൽക്കുന്നത് എന്ന് കാണുന്നു. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ, അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല. ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ഉന്നയിച്ച പ്രകാരമുള്ള വിശദീകരണം, സാങ്കൽപ്പിക ചോദ്യങ്ങൾ, വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം തേടുന്ന ചോദ്യങ്ങൾ, വിവരങ്ങൾ ക്രോഡീകരിച്ച് നൽകണമെന്ന ആവശ്യം എന്നിവയൊന്നും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നവയല്ല. ആയതിനാൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് എതിർകക്ഷികൾ നൽകിയിട്ടുള്ളതിനാൽ എതിർകക്ഷികൾ നൽകിയ മറുപടികളിൽ അപാകത കാണുന്നില്ല എന്നതിനാൽ ഇക്കാര്യത്തിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല. എന്നാൽ ബിവറേജസ് കോർപ്പറേഷൻ ഉപഭോക്താക്കളിൽ നിന്നും നികുതി ഇനത്തിലും മറ്റുമായി അമിത തുക ഈടാക്കുന്നുണ്ടെന്ന് ഉദാഹരണ സഹിതം കമ്മീഷനെ ഹിയറിംഗ് വേളയിൽ ഹർജിക്കാരൻ ബോധ്യപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ടിയാന് ഇക്കാര്യത്തിലുള്ള വ്യക്തമായ മറുപടി ലഭിക്കുന്നതിനായി ഇത്തരത്തിലുള്ള പൊതുവായ ചോദ്യങ്ങൾ ഉന്നയിക്കാതെ വ്യക്തമായ ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വിവരം ആവശ്യപ്പെടാവുന്നതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഏപ്രിൽ 8-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk